HIMAYA

CERTIFICATE COURSE
IN ISLAMIC PRACTICES



09
YEARS OF EXCELLENCE

20+
COURSES

10+
COUNTRIES

50000+
BENEFICIARIES

3200+
STUDENTS

WORDS ACADEMY

we are

പാണക്കാട് HADIA Center for Social Excellence (CSE) ക്ക് കീഴിലുള്ള വിവിധ കോഴ്സുകളുടെ പ്ലാറ്റ്ഫോമാണ് വേർഡ്സ് അക്കാദമി.

2017
ആരംഭം

1800+
പഠിതാക്കൾ

3100+
പൂർവ്വ
വിദ്യാർത്ഥികൾ

42
ഓഫ്‌ലൈൻ
സെന്ററുകൾ

Himaya



മുതിർന്നവർക്ക് ഔപചാരികമായി
മതവിജ്ഞാനീയങ്ങൾ പഠിക്കുന്നതിന് വേർഡ്സ്
അകാദമിയുടെ കീഴിലുള്ള രണ്ട് വർഷത്തെ
പാഠ്യപദ്ധതിയാണ് ഹിമായ കോഴ്സ്.

ഉദ്ദേശ്യലക്ഷ്യങ്ങൾ

പഠിച്ചു വെച്ച കാര്യങ്ങൾ
നിത്യജീവിതത്തിൽ
പ്രവർത്തികമാക്കാനുള്ള
പരിശീലനം നൽകുക.

ഇസ്ലാമികമായ
ചിന്തയും
സംസ്കാരവും
വളർത്തുക.


വ്യക്തിത്വ വളർച്ചക്ക്
സഹായകമാകുന്ന
ഇസ്ലാമിക പാഠങ്ങൾ
നൽകുക.

ആത്മവിശ്വാസവും
അഭിമാനകരമായ
അസ്ഥിത്വബോധവും
സൃഷ്ടിക്കുക.

പാഠ്യപദ്ധതി

മലയാളത്തിൽ തയ്യാറാക്കിയ എട്ടു പുസ്തകങ്ങളാണ് രണ്ടു വർഷത്തെ കോഴ്സിലുള്ളത്. ഖുർആൻ, ഹദീസ്, ഫിഖ്ഹ്, തജ്വീദ് എന്നിവ ഒന്നാം വർഷവും ഖുർആൻ, ഹദീസ്, ഫിഖ്ഹ്, താരീഖ് എന്നിവ രണ്ടാം വർഷവും പാഠ്യവിഷയങ്ങളായി വരുന്നു. 2026 -27 അക്കാദമിക് ഇയർ മെയ് മാസത്തിൽ ആരംഭിച്ച് ഫെബ്രുവരി മാസത്തിൽ അവസാനിക്കും.
ഓൺലൈൻ ബാച്ചുകൾക്ക് ആഴ്ചയിൽ മൂന്ന് റെക്കോർഡ് ക്ലാസുകളും ഒരു ലൈവ് ക്ലാസുമടക്കം 150 ക്ലാസുകളാണ് ഒരു വർഷം ഉണ്ടാവുക.

Our Sche-dule





വിദ്യാർത്ഥികൾ

വിദ്യാർത്ഥികൾക്ക് പ്രായപരിധിയില്ല. അസൈൻമെന്റുകളും പരീക്ഷകളും എഴുതാൻ പ്രാപ്തിയുള്ള മതവിഷയങ്ങളിൽ അടിസ്ഥാനവിവരമുള്ളവരായിരിക്കണം. കോഴ്സിൽ ചേരുന്നവർ സ്മാർട്ഫോണിൽ പ്രായോഗിക പരിചയം ഉള്ളവരായിരിക്കണം.

ഫീസ്

2999 രൂപയാണ് ഒരു വർഷത്തെ കോഴ്സ് ഫീ. രജിസ്ട്രേഷൻ ഫീ, കോഴ്സ് ഫീ, പരീക്ഷാ ഫീ, സർട്ടിഫിക്കറ്റ് ഫീ, പാഠപുസ്തകത്തിനുള്ള കാഷ് അടക്കമാണിത്.

പാഠപുസ്തകങ്ങൾ ഇന്ത്യക്കകത്തെ അഡ്രസ്സിൽ അയച്ച് നൽകുന്നതാണ്. കൊറിയർ ചാർജ് നൽകുന്ന പക്ഷം വിദേശരാജ്യങ്ങളിലെ മേൽവിലാസത്തിലേക്കും പുസ്തകങ്ങൾ എത്തിച്ചുനൽകുന്നതാണ്.

പാഠപുസ്തകങ്ങൾ

ഖുർആൻ ചിന്തകൾ

പാരായണപുണ്യത്തോടൊപ്പം ഖുർആന്റെ ആശയങ്ങൾ ആസ്വദിക്കാനും ചിന്തകളിലൂടെ കടന്നുപോവാനും സാധ്യമാവുന്ന രീതിയിലാണ് 'ഖുർആൻ ചിന്തകൾ' തയ്യാറാക്കിയിട്ടുള്ളത്. ഇസ് ലാമിക വിശ്വാസകാര്യങ്ങളെ ഖുർആനിക വെളിച്ചത്തിൽ വിശദീകരിക്കുന്നതോടൊപ്പം സാധാരണ പാരായണം ചെയ്യുന്ന പല സൂറതുകളുടെയും ആശയങ്ങൾ പഠിപ്പിക്കുകയും ചെയ്യുന്നു. ഇസ്‌ലാമികമായ കുടുംബജീവിതം എങ്ങനെയായിരിക്കണമെന്ന ഖുർആനിക കാഴ്ച്ചപ്പാടും പാഠ്യവിഷയമാണ്.

ഹദീസ് പാഠങ്ങൾ

പ്രസിദ്ധമായ ഹദീസ് ഗ്രന്ഥങ്ങളിൽ നിന്ന് തെരഞ്ഞെടുത്ത നൂറ് ഹദീസുകൾ അർത്ഥവും ആശയവും സഹിതം വിശദീകരിക്കുന്ന പാഠപുസ്തകമാണിത്. സ്വഭാവം, പെരുമാറ്റം, സംസ്കരണം എന്നിവക്കാണ് ഊന്നൽ. പ്രമുഖ ഹദീസ് പണ്ഡിതൻമാർ, ഹദീസിന്റെ പ്രമാണികത, ഹദീസുകളുടെ ഇനങ്ങൾ, ഹദീസ് ക്രോഡീകരണത്തിന്റെ ചരിത്രം എന്നിവയും രണ്ടു വർഷങ്ങളിലായി പാഠ്യപദ്ധതിയുടെ ഭാഗമാവുന്നു.

നിത്യജീവിതത്തിലെ കർമശാസ്ത്രം

നിസ്കാരം, നോമ്പ്, ഹജ്ജ്, സകാത്, വൈവാഹിക ജീവിതം, അനന്തരാവകാശം, സാമ്പത്തിക വ്യവഹാരങ്ങൾ തുടങ്ങിവയാണ് ഈ പാഠപുസ്തത്തിന്റെ ഉള്ളടക്കം. നേരത്തെ പഠിച്ച ഫിഖ്ഹി നിയമങ്ങൾ അതു പ്രയോഗവത്കരിക്കേണ്ട കാലത്ത് വീണ്ടും ഓർത്തെടുക്കാനും കൃത്യമാക്കാനും ഈ പാഠപുസ്തകം സഹായിക്കുന്നു. മദ്ഹബുകളുടെ ചരിത്രവും പ്രാമാണികതയും ചുരുക്കി വിവരിക്കുന്നുമുണ്ട്.



Textbooks

തജ്‌വീദ്

ഖുർആൻ പാരായാണത്തിലെ നിയമങ്ങളും സവിശേഷതകളും സംക്ഷിപ്തമായി ഉൾകൊള്ളിച്ച് ആദ്യവർഷക്കാർക്ക് വേണ്ടി തയ്യാറാക്കിയ പാഠപുസ്തകം. തജ് വീദിലെ സങ്കീർണമായ നിയമങ്ങൾ പോലും ലളിതമായി വിശദീകരിച്ചിരിക്കുന്നു.

മുസ്‌ലിം ലോകചരിത്രം

നബി(സ്വ)യുടെ കാലശേഷം വർത്തമാനകാലം വരെയുള്ള മുസ്‌ലിം ലോകചരിത്രത്തിലൂടെയുള്ള ഓട്ടപ്രദക്ഷിണമാണ് രണ്ടാം വർഷ പാഠ്യവിഷയമായ ഈ പുസ്തകം. നാലു ഖലീഫമാർ, അമവിയ്യ, അബ്ബാസിയ്യ, ഉസ്മാനിയ്യ ഭരണ കൂടങ്ങൾ, ഇന്ത്യയിലെയും കേരളത്തിലെയും ഇസ്‌ലാമിക ചലനങ്ങൾ എന്നിവയാണ് ഉള്ളടക്കം. മധ്യകാലത്തെ പ്രധാന പണ്ഡിതൻമാരെയും പുരോഗമനപ്രവർത്ത നങ്ങളെയും പ്രതിപാദിക്കുന്ന പുസ്തകം മുസ്‌ലിം ലോകത്തിന്റെ സുവർണകാലത്തെ കുറിച്ചുള്ള ഹൃദ്യമായ ഓർമപ്പെടുത്തലാണ്.

അധികവായനക്കുള്ള പുസ്തകങ്ങൾ

പ്രവാചക ജീവിതം

തിരുനബി(സ്വ)യുടെ ജനനം മുതൽ വഫാത് വരെയുള്ള ജീവിത യാത്രയിലൂടെ കടന്നുപോവുന്ന പുസ്തകം. തിരുനബി(സ്വ)യെ കൂടുതൽ അടുത്തറിയാനും സ്നേഹിക്കാനും ഈ പുസ്തകം പ്രചോദനമാവുന്നു.

ദിക്റുകളും ദുആകളും

നിത്യമായി പാരായണം ചെയ്യേണ്ട ഖുർആൻ ഭാഗങ്ങളും ഓരോ സന്ദർഭത്തിലും ചൊല്ലേണ്ട ദിക്റുകളും നിർവ്വഹിക്കേണ്ട പ്രാർത്ഥനകളും അവയുടെ ശ്രേഷ്ഠതകളും ഹദീസിൽ വന്നിട്ടുണ്ട്. അവയിൽ നിന്ന് തെരഞ്ഞെടുത്ത് സമാഹരിച്ചതാണ് 'ദിക്റുകൾ ദുആകൾ' എന്ന ഈ കൃതി. ഓരോ മുസ്‌ലിമും ശീലമാക്കേണ്ടതാണ് ഇതിലെ ഉള്ളടക്കം.



How to Apply

താഴെയുള്ള ലിങ്കിൽ അപേക്ഷിക്കുക.
ശേഷം ഫീ താഴെ കാണുന്ന ബാങ്ക് അക്കൗണ്ട് മുഖേന അയക്കുക.

HDFC BANK

NAME : HADIA CENTER FOR SOCIAL EXCELLENCE
BRANCH : TIRURANGADI CHEMMAD
ACCOUNT : 999 888 33333 786
IFSC : HDFC0004017

G Pay Number

+91 95265 77555

ഫീ അയച്ചതിന്നു ശേഷം Transaction ID യോട് കൂടെയുള്ള സ്ക്രീൻഷോട്ടും ഫോൺനമ്പറും പേരും സ്ഥലവും **+91 89437 37475** എന്ന നമ്പറിലേക്ക് വാട്സ്ആപ്പ് ചെയ്യുക.

Contact For more Details

+91 89437 37475
+91 81130 542 27

Click here to Apply

ASPIRE 2030
HADIA DESIGNS THE FUTURE

HADIA CENTRE FOR SOCIAL EXCELLENCE

HADIA Center for Social Excellence
Panakkad, Malappuram, Kerala, Pin - 676519
www.hadia.in www.wordsacademy.in
Ph: +91 89437 37475, +91 81130 542 27